# സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 1

നവകേരള സദസ്സ് അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി ,കോട്ടയം

25.01.2024 02.00 PM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Dr. Chithra P Arunima KAS Internal Vigilance Officer
2. Sanish S Asst. Town Planner LSGD Kottayam
3. Jayachandran P G Junior Superintentant JD Office Kottayam
4. Ganga S, Junior Superintentant JD Office Kottayam

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

ത്രിക്കൊടിത്താനം

1. വിശ്വംഭരൻ മതിപ്പറം തൃക്കൊടിത്താനം സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു. പഞ്ചായത്തിൽ നിന്നും അനുവദിച്ച കെട്ടിട നമ്പർ കാണിച്ചുകൊണ്ട് ലൈസൻസിനുള്ള അപേക്ഷ സമർപ്പിക്കുവാൻ പരാതിക്കാരനെ ഫോണിലൂടെ അറിയിച്ചു. അപേക്ഷ തരുന്ന മുറയ്ക്ക് KPBR ചട്ടം പാലിച്ചുകൊണ്ട് ലൈസൻസ് അനുവദിക്കുന്നതിന് സെക്രട്ടറിയോട് നിർദേശിച്ചു തീരുമാനിച്ചു.
2. അബ്ദുൽ ഹക്കിം സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു. നിലം നികത്ത് ഭൂമിയിൽ നിർമ്മാണം നടത്തിയതിനാലാണ് കെട്ടിട നമ്പർ നല്കാൻ സാധിക്കാതെ വന്നത്.സ്ഥലത്തിൻറെ തരം മാറ്റി അപേക്ഷ പുനഃ സമർപ്പിക്കുന്ന പക്ഷം തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദേശിച്ചു തീരുമാനിച്ചു.
3. ശ്യാമള ഓമനക്കുട്ടൻ സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു.ടിയാരിയുടെ മകന്റെ മരണ സർട്ടിഫിക്കറ്റിന് വേണ്ടിയാണ് അപേക്ഷ സമർപ്പിച്ചത്. മരണം നടന്നത് വിജയവാഡയിൽ വെച്ചായതുകൊണ്ടു, മരണം ഏതു തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ആണോ നടന്നത് ആ സ്ഥാപനത്തിൽ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ സാധിക്കുകയുള്ളു എന്ന നിയമം നിലനിൽക്കുന്നതിനാൽ ടിയാരിയോട് വിജയവാഡയിലെ രെജിസ്ട്രേഷൻ യൂണിറ്റിൽ നിന്നുള്ള നിർദ്ദേശാനുസരണം നേരിട്ട് ഹാജരായി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കണമെന്ന് നിർദ്ദേശിച്ചു തീരുമാനിച്ചു.
4. മനോഹരൻ ഈട്ടിക്കൽ സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു.ക്രമവൽക്കരണത്തിനായി അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദേശിച്ചു തീരുമാനിച്ചു.
5. ഷുക്കൂർ ഇബ്രാഹം റുബീന മൻസിൽ സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു. ഡാറ്റ പ്യൂരിഫിക്കേഷൻ ഓപ്പൺ ആക്കുന്നതിന് ജോയിന്റ് ഡയറക്ടറുടെ കാര്യാലത്തിലേക്കു കത്ത് നല്കിയിട്ടുള്ളതാണ് എന്നും ഓപ്പൺ ആകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാമെന്ന് സെക്രട്ടറി അറിയിച്ചു.

മാടപ്പള്ളി

1. സുജൻ ജോസഫ് അദാലത്തിൽ ഹാജരായില്ല ആയതിനാൽ അടുത്ത അദാലത്തിൽ പരിഗണിക്കാൻ മാറ്റിവെച്ചു.
2. റോബിൻസ് എബ്രഹാം സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു. പഞ്ചായത്തിലെ സാങ്കേതിക വിഭാഗം റിപ്പോർട്ട് ചെയ്ത ന്യൂനതകൾ പ്രകാരം കെട്ടിടത്തിന്റെ ഉയരം KPBR ചട്ടങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ ന്യൂനത പരിഹരിക്കുന്നതിന് ബേസ്മെന്റ് ഉയരം കൂട്ടുകയും ആവശ്യമായ സാനിറ്റേഷൻ ഫെസിലിറ്റി ഏർപ്പെടുത്തുകയും ചെയ്തതിനു ശേഷം പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദേശിച്ചു തീരുമാനിച്ചു. ആയതു ലഭിച്ചതിനു ശേഷം തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി

1. അജിത് എ ആർ മുല്ലൻകുന്നേൽപറമ്പിൽ സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു.മാതാവിൻറെ സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കി കുട്ടിയുടെ ജനന സെർട്ടിഫിക്കറ്റിലെ അഡ്രെസ്സ് തിരുത്താൻ അപേക്ഷ നൽകുന്നതിന് പരാതിക്കാരിയോട് നിർദേശിച്ചു തീരുമാനിച്ചു.
2. അജിമോൻ സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു.പെർമിറ്റിനുവേണ്ടി സമർപ്പിച്ച പ്ലാനിൽ സാങ്കേതിക വിഭാഗം ചൂണ്ടിക്കാട്ടിയ ന്യൂനതകൾ പരിവഹരിച്ചു സമർപ്പിക്കുവാൻ പരാതിക്കാരനോട് നിർദേശിച്ചു തീരുമാനിച്ചു. ന്യൂനതകൾ കൃത്യമായി രേഖപ്പെടുത്തി കക്ഷിക്ക് മനസിലാകും വിധം കത്ത് നൽകുന്നതിന് സെക്രട്ടറിക്കു നിർദേശം നൽകി തീരുമാനിച്ചു.
3. ജോസഫ് ജോർജ് സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു.കെട്ടിടം ക്രമ വൽക്കരിച്ചു നൽകുന്നതിന് പ്ലാൻ വരച്ചു അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരനോട് നിർദേശിച്ചു തീരുമാനിച്ചു.
4. വി ടി വർഗീസ് സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു. പരാതിക്കാരൻ Air Force ൽ നിന്നും Retire ചെയ്ത ആളാണ് എന്നും  സർക്കാരിൽ നിന്നും വേറെ ആനുകൂല്യങ്ങൾ ഒന്നും കിട്ടുന്നില്ല എന്ന് പറഞ്ഞു മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ കൊടുക്കുന്നതിനു നിർദേശിച്ചു തീരുമാനിച്ചു.
5. പി കെ രാജമ്മ സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു. റെയിൽവേ NOC ലഭിച്ചില്ല ആയതിനാൽ കെട്ടിട നമ്പർ കിട്ടുന്നില്ല. റയിൽവേ NOC ലഭിക്കാനുള്ള അപേക്ഷ സമർപ്പിക്കാൻ കക്ഷിക്ക് നിർദ്ദേശം നൽകി.
6. ശാലി എം എസ് സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു. ക്രമ വല്കരണത്തിനായി സർക്കാരിൽ നിന്നും പ്രത്യേക ഉത്തരവ് വരുന്ന മുറയ്ക്ക് പിഴ അടച്ചു പുതുക്കിയ അപേക്ഷ നൽകുന്നതിന് പരാതിക്കാരനോട് നിർദേശിച്ചു തീരുമാനിച്ചു. ന്യൂനതകൾ വിശദീകരിച്ചു വ്യക്തമായ കത്ത് കക്ഷിക്ക് നൽകുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.
7. കെ എം ശശി സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു.പരാതിക്കാരൻറെ വീട്, റോഡ് മാസ്റ്റർ പ്ലാൻ പ്രകാരം വൈഡനിങ്ങിനു വേണ്ടി അളന്നു കല്ലിട്ടിരിക്കുന്ന ഭാഗത്തേക്ക് തള്ളി നിൽക്കുന്നു . പെർമിറ്റിൽ നിന്നും വ്യതിചലിച്ചാണ് കെട്ടിടം പണിതിരിക്കുന്നത്. നിലവിൽ ചങ്ങനാശ്ശേരി മുനിസിപാലിറ്റി കൌൺസിൽ  വൈഡനിങ് 12 മീറ്റർ ആയി കുറയ്ക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. ആയതു ടൌൺ പ്ലാനിംഗ് ഓഫീസിലേക്ക് അയച്ചിട്ടുണ്ട്. ആയതു അംഗീകരിച്ചു

വരുന്ന മുറയ്ക്ക് നമ്പർ നൽകാവുന്നതാണ് എന്ന് പരാതിക്കാരനോട് നിർദേശിച്ച് തീരുമാനിച്ചു.

8. സരസമ്മ സമർപ്പിച്ച അപേക്ഷ അദാലത് പരിഗണിച്ചു. പരാതിക്കാരിയുടെ വീട് PMAY സ്കീമിൽ ഉൾപ്പെട്ടതാണ് റോഡ് വൈഡനിങ് ആയി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്ന ഭാഗത്തേക്ക് ഫൌണ്ടേഷൻ തള്ളി നിൽക്കുന്നു. PMAY ഒന്നാം ഗഡു ലഭിച്ചിട്ടുണ്ട് എന്ന് പരാതിക്കാരൻ അറിയിച്ചു. ഫൌണ്ടേഷൻ പൊളിക്കുകയോ ആ ഭാഗം വിട്ടുകൊണ്ട് നിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്യുന്നതിന് പരാതിക്കാരനോട് നിർദേശിച്ച് തീരുമാനിച്ചു.ജില്ലാ അദാലത്തിലേക്കു പരിഗണിക്കുന്നതിനായി മാറ്റിവെച്ചു.
9. ബാബു കെ സമർപ്പിച്ച പരാതി അദാലത്ത് പരിഗണിച്ചു. PMAY പദ്ധതി പ്രകാരം നിർമിച്ച വീടാണ് പെർമിറ്റിനും നമ്പറിങ്ങിനുമുള്ള അപേക്ഷ ഒന്നിച്ച് നൽകുന്ന മുറയ്ക്ക് നമ്പർ നൽകുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു.
10. നൗഷാദ് ഹാജരാകാതിരുന്നതിനാൽ അടുത്ത അദാലത്തിൽ പരിഗണിക്കുന്നതിനായി മാറ്റി വെച്ചു.

അദാലത്ത് കൃത്യം 5 മണിയ്ക്ക് അവസാനിച്ചു.